# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.878

10.06.2019-ൽ മറുപടിയ്ക്ക്

## വനിതാ സിനിമാസംവിധായകർക്ക് ധനസഹായം

**ചോദ്യം**

ശ്രീ.റോജി എം.ജോൺ

**ഉത്തരം**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സർക്കാരിന്റെ സ്ത്രീശാക്തീകരണ കാഴ്ചപ്പാടിന് അനുസൃതമായി വനിതാ സംവിധായകർക്ക് സിനിമ ഒരുക്കുന്നതിന് ചലച്ചിത്ര വികസന കോർപ്പറേഷൻ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | (എ) വനിതാ ശാക്തീകരണ കാഴ്ചപ്പാടിന്റെ ഭാഗമായി വനിതാ സംവിധായകരുടെ 2 ഫീച്ചർ ഫിലിമുകൾ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മുഖാന്തിരം നിർമ്മിക്കുന്നതിന് 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ സഹായമാണ് നൽകുന്നതെന്നും ഇതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ; | (ബി) ഫീച്ചർ ഫിലിമുകളുടെ വിതരണം ഉൾപ്പടെയുള്ള ആകെ ചെലവിനായി 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിനു വേണ്ടി പത്രപ്പരസ്യം നൽകി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തിയതി 20/06/2019 ആണ്. |
| (സി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) മലയാള സിനിമാ നിർമ്മാണത്തിനുള്ള തിരക്കഥയും, ബജറ്റും, ചിത്രത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന നടീനടന്മാരുടെയും സാങ്കേതിക വിദഗ്ധരുടെയും വിശദ വിവരങ്ങൾ, സംവിധായകരുടെ വിശദമായ ബയോഡാറ്റ എന്നിവ സഹിതം സ്വീകരിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡിലെ ഒരു എക്സ്പേർട്ട് കമ്മിറ്റി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ടവരെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽ മികച്ചവരെ കണ്ടെത്തി സിനിമാ നിർമ്മാണം ഏല്പിക്കുകയുമാണ് ഇതു സംബന്ധിച്ചുള്ള പ്രധാന നിബന്ധന. |

സെക്ഷൻ ഓഫീസർ